(സി) ഗവൺമെന്റ് ജീവനക്കാർക്ക് നൽകാനുള്ള കേന്ദ്ര ഡി.എ. യുടെ കുടിശ്ശികയുൾപ്പെടെയുള്ള തുക നൽകുന്നതിനുള്ള ബുദ്ധിമുട്ട് എന്താണെന്ന് വിശദീകരിക്കുമോ;

(ഡി) ഇപ്പോൾ എത്ര ഗഡു ക്ഷാമബത്ത കുടിശ്ശികയായി നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

(സി) ഗവൺമെന്റ് ജീവനക്കാർക്ക് നൽകാനുള്ള ഡി.എ.യുടെ കുടിശ്ശിക തുക സാധാരണയായി പി.എഫ്.ൽ നിക്ഷേപിക്കുകയാണ് പതിവ്. ഡി.എ. അനുവദിക്കുന്നതിന് ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി അനുവദിക്കുന്നില്ല. മെച്ചപ്പെടുന്ന മുറയ്ക്ക് താമസംവിനാ നൽകുന്നതാണ്.

(ഡി) 1.1.99 മുതൽ അടിസ്ഥാന ശമ്പളത്തിന്റെ 10% , 1.7.99 മുതൽ അടിസ്ഥാന ശമ്പളത്തിന്റെ 5% എന്നിങ്ങനെ രണ്ട് ഗഡു ക്ഷാമബത്ത് സംസ്ഥാന ജീവനക്കാർക്ക് കുടിശ്ശികയായി നൽകാനുണ്ട്.

9 (297) സംസ്ഥാനത്തെ സാമ്പത്തികസ്ഥിതി സംബന്ധിച്ച് ധവള പത്രം

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടപ്പത്രത്തിലൂടെ 500 കോടി രൂപ സമാഹരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത്തരം ഒരു നടപടി സ്വീകരിക്കുവാൻ ഇടയാക്കിയ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കടപ്പത്രത്തിന്റെ കാലാവധി എത്രയെന്നും ഇതിന് നൽകുന്ന പലിശ എന്തായിരിക്കുമെന്നും വ്യക്തമാക്കുമോ;

(ഡി) സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ഒരു ധവളപത്രം പുറപ്പെടുവിക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) കടപ്പത്രത്തിലൂടെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് വഴിയാണ് 500 കോടി രൂപ സമാഹരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാൻ വേണ്ടിയാണ് ഇത്തരം ഒരു നടപടി സ്വീകരിക്കുന്നത്.

(സി) 7 വർഷമാണ് കാലാവധി. 13.25% അർദ്ധ വാർഷിക പലിശ നിരക്കിലാണ് നൽകുന്നത്.

(ഡി) അതിന്റെ ആവശ്യം ഉണ്ടെന്ന് തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly